# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1483:** **11/02/2013- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയുടെ വിശദാംശങ്ങൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. സി. ദിവാകരൻ :**

**" ജി. എസ്. ജയലാൽ :**

**" ചിറ്റയം ഗോപകുമാർ :**

**" കെ. അജിത് :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എത്ര തുക ലഭിച്ചു ; എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം തരത്തിലുള്ള തൊഴിൽ സംരംഭകർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം സഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) 2008-09 മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ചെറുകിട സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്കായി 32.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം താഴെപറയുന്ന ഗ്രൂപ്പിൽപ്പെടുന്ന സംരംഭങ്ങൾ വിഭാവനം ചെയ്ത് നടപ്പാക്കുന്നു.<br>1. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ<br>2. വനവിഭവ വ്യവസായങ്ങൾ<br>3. കൈകടലാസ് നാരുൽപ്പന്ന വ്യവസായങ്ങൾ<br>4. ധാതു വ്യവസായങ്ങൾ<br>5. രാസ വ്യവസായങ്ങൾ<br>6. ഗ്രാമീണ എൻജിനീയറിംഗ്-ജൈവ സാങ്കേതിക വ്യവസായങ്ങൾ<br>7. ടെക്സ്റ്റൈൽ സേവന വ്യവസായങ്ങൾ. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം, കേന്ദ്ര സബ്സിഡി, ബാങ്ക് വായ്പ, സംസ്ഥാന വിഹിതം എന്നിവ എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം പദ്ധതി ചെലവിന്റെ 5% മുതൽ 10% ഉം, കേന്ദ്ര സബ്സിഡി 25% മുതൽ 35% വരേയും ബാങ്ക് വായ്പ 60% മുതൽ 65% വരേയും ആണ്. പി.എം.ഇ.ജി.പി. പദ്ധതിക്കായി സംസ്ഥാന വിഹിതം നൽകുന്നില്ല. |

| | | | |
|---|---|---|---|
| (സി) | നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര അപേക്ഷകൾ ലഭിച്ചു ; എത്രയെണ്ണം പരിഗണിച്ചു ; എത്ര പേർക്ക് തൊഴിൽ നൽകി ; | (സി) | നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ലഭ്യമായ 4635 അപേക്ഷകളിൽ നിന്നും 2698 അപേക്ഷകൾ ജില്ലാ തല ടാസ്ക് ഫോഴ്സ് സമിതി അംഗീകരിക്കുകയും ബാങ്കുകളിലേക്ക് വിവിധ ഏജൻസികൾ മുഖേന (ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രം) ശുപാർശ ചെയ്യുകയും ഉണ്ടായി. അവ ബാങ്കിന്റെ സജീവ പരിഗണനയിൽ ആണ്. ഈ വർഷം ഇതുവരെ 414 പദ്ധതികൾക്കായി 6.61 കോടി രൂപാ വിതരണം ചെയ്യുകയും അതുവഴി 2636 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക ഉപയോഗിക്കാത്തതു മൂലം നഷ്ടപ്പെടാനിടയുണ്ടോ ; എങ്കിൽ നഷ്ടപ്പെടുത്താതെ ഉപയോഗപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | നടപ്പു സാമ്പത്തിക വർഷം ഇതിനകം ബാങ്കുകളിലേക്ക് ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ടി റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടേയും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെയും നേതൃത്വത്തിൽ മേഖലാതല അവലോകന മീറ്റിങ്ങുകൾ സംഘടിപ്പിച്ച് 20/02/13- ന് അകം പദ്ധതികളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ ബാങ്കുകളിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതും 50 കോടിയിലധികം മാർജിൻ മണി ധനസഹായ തുക വരുന്നതുമായ പദ്ധതികൾ അംഗീകരിക്കുന്ന പക്ഷം 2013 മാർച്ച് 31 ന് മുൻപായി സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ ഫണ്ടും വിനിയോഗിക്കുവാൻ കഴിയും. കൂടാതെ വ്യവസായ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അവലോകന സമിതി (പി.എം.ഇ.ജി.പി) ടി പദ്ധതിയുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ